(ഡി) പി.എസ്.സി. നടത്തിയ പരീക്ഷയിൽ കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണോ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്?

അതെ.

(ഇ) പ്രസ്തുത തസ്തികയുടെ അടിസ്ഥാനയോഗ്യത ഡിപ്ലോമ ഇൻ അഗ്രികൾച്ചർ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ എന്നാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള അംഗങ്ങളുടെ ഒഴിവുകൾ

42 (4766) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള അംഗങ്ങളുടെ ഒഴിവുകൾ നികത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ?

പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളുടെ ഒഴിവുകൾ നിലവിലില്ല.

(ബി) പി.എസ്.സി. അംഗമാകാൻ കോഴ വാങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത സംഭവം പി.എസ്.സി.യുടെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ബാധകമല്ല.

പി.എസ്.സി.യിലെ എൻ.സി.എ. നോട്ടിഫിക്കേഷൻ

43 (4767) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യിലെ എൻ.സി.എ. വേക്കൻസികൾ എത്ര തവണ നോട്ടിഫൈ ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

KS&SSR ചട്ടം 15 (a) പ്രകാരം എൻ.സി.എ. ഒഴിവുകൾക്കായി രണ്ട് തവണയിൽ കുറയാതെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ എൻ.സി.എ. നോട്ടിഫിക്കേഷനും ഇടയ്ക്കുള്ള കാലയളവ് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ?

ഓരോ എൻ.സി.എ. വിജ്ഞാപനത്തിനും ആറ് മാസത്തെ ഇടവേള നിശ്ചയിച്ചിട്ടുണ്ട്.

(സി) എൻ.സി.എ. നോട്ടിഫിക്കേഷൻ നീണ്ടുപോവുന്നതുമൂലം ഒഴിവുകൾ നികത്തപ്പെടാതെയും റാങ്ക് ലിസ്റ്റിലെത്തുന്നവർക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

എൻ.സി.എ. വിജ്ഞാപനങ്ങൾക്ക് അകാരണമായ കാലതാമസം ഉണ്ടാകുന്നില്ല.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ എൻ.സി.എ. ഒഴിവുകൾ

44 (4768) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി. റാങ്ക് പട്ടികയിൽ പട്ടികവർഗ്ഗവിഭാഗക്കാരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ ഉടലെടുത്തതും ഇതര സമുദായങ്ങൾക്ക് ഊഴം നൽകി കൊടുത്തിട്ടുള്ളതും എന്നാൽ നാളിതുവരെ പട്ടികവർഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തിരികെ നൽകാൻ കഴിയാത്തതുമായ എൻ.സി.എ. ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ ഭരണനിയന്ത്രണം

45 (4769) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നിയമാവലി പ്രകാരം ഭരണനിയന്ത്രണം കേരള സർക്കാരിലാണോ കേന്ദ്രസർക്കാരിലാണോ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly